**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 283 | 07.08.2017 ൽ മറുപടിക്ക്

**കുടുംബാരോഗ്യകേന്ദ്ര പദവിയിലേക്കുയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുടുംബാരോഗ്യകേന്ദ്രമാക്കിയുയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷനിലൂടെ ഉദ്ദേശിക്കുന്നത്. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിച്ചുകൊണ്ടും , അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി തിരഞ്ഞെടുത്ത 170 ആശുപത്രിയിൽ ഒരു മെഡിക്കൽ ഓഫീസർ , രണ്ട് സ്റ്റാഫ് നേഴ്സ് ഒരു ലാബ് ടെക്നീഷ്യൻ എന്ന രീതിയിൽ അകെ 680 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. . പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ലഭിക്കുന്നതിന് 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 5 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ കെ.എം.എസ്.സി,എൽ വഴി ആരംഭിച്ചിട്ടിണ്ട്. ഇവ കൂടാതെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ, എന്നിവയ്ക്കും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ,, പബ്ളിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്ക്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | ഈ പദ്ധതി പ്രകാരം തെരെഞ്ഞെടുക്കപ്പെട്ട കോഴിക്കോട് ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പട്ടിക ലഭ്യമാക്കാമോ; | (ബി) | ആർദ്രം പദ്ധതിയിലൂടെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കുന്നതിലേയ്ക്ക് തിരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പട്ടിക ച്ചുവടെ ചേർക്കുന്നു.<br>1. പ്രാഥമികാരോഗ്യ കേന്ദ്രം, കോട്ടൂർ.<br>2. പ്രാഥമികാരോഗ്യ കേന്ദ്രം, ഇരിങ്ങൽ.<br>3. പ്രാഥമികാരോഗ്യ കേന്ദ്രം, വടകര.<br>4. പ്രാഥമികാരോഗ്യ കേന്ദ്രം, താഴത്തങ്ങാടി.<br>5. പ്രാഥമികാരോഗ്യ കേന്ദ്രം, കക്കോടി.<br>6. പ്രാഥമികാരോഗ്യ കേന്ദ്രം, രാമനാട്ടുകര.<br>7. പ്രാഥമികാരോഗ്യ കേന്ദ്രം, ഇടച്ചേരി<br>8. പ്രാഥമികാരോഗ്യ കേന്ദ്രം, പുതുപ്പാടി<br>9. പ്രാഥമികാരോഗ്യ കേന്ദ്രം, അയ്യൻച്ചേരി.<br>10. പ്രാഥമികാരോഗ്യ കേന്ദ്രം, കുന്നുംമംഗലം<br>11. പ്രാഥമികാരോഗ്യ കേന്ദ്രം, ഓമശ്ശേരി<br>12. പ്രാഥമികാരോഗ്യ കേന്ദ്രം, നൊച്ചാട്. |

| | | | |
|---|---|---|---|
| | | | 13. പ്രാഥമികാരോഗ്യ കേന്ദ്രം, അരികുളം.<br>14. പ്രാഥമികാരോഗ്യ കേന്ദ്രം, കായകൊടി. |
| (സി) | പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണ ഏകോപന ചുമതല ആർക്കാണെന്നു വ്യക്തമാക്കുമോ; | (സി) | പദ്ധതി പ്രവർത്തനങ്ങളുടെ വകുപ്പുതല ഏകോപന ചുമതലയ്ക്കായി ജി.ഒ.(ആർ.ടി).1808/17/ആകുവ പ്രകാരം<br>ആരോഗ്യവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാന സ്റ്റിയറിംഗ് കമ്മറ്റിയും സംസ്ഥാനതല പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ (ആരോഗ്യമിഷൻ) നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് നിർവ്വഹിക്കുന്നത്. ജില്ലാതല യൂണിറ്റ് പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ വൈസ് ചെയർമാനും ജില്ലാ പ്രോഗ്രാം മാനേജർ (എൻ.എച്ച്.എം) കൺവീനറുമായുള്ള കമ്മിറ്റിയാണ് നിർവ്വഹിച്ചുവരുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | പദ്ധതിയുടെ പ്രാരംഭഘട്ടങ്ങൾ നടന്നുവരികയാണ്.ഇതിന്റെ ഭാഗമായി ടി. ആശുപത്രികളിൽ ഒരു മെഡിക്കൽ ഓഫീസറേയും , രണ്ട് സ്റ്റാഫ് നഴ്സിനേയും ഒരു ലാബ് ടെക്നീഷന്റേയും അധിക തസ്തിക സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. മറ്റ് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>ഇവയിൽ കുന്ദമംഗലം, രാമനാട്ടുകരയും ആഗസ്റ്റ്- സെപ്റ്റംബർ മാസത്തോടെ പ്രവർത്തന ക്ഷമമാകുകയും<br>ബാക്കിയുള്ളവ 2018 മാർച്ച 31 ന് മുമ്പ് പ്രവർത്തനക്ഷമമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ